61-ാമത് കേരള സ്കൂൾ കലോത്സവം 2023 ജനുവരി 3 - 7 കോഴിക്കോട്

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 640 Participant Code: J06

## ടോക്സിക് വല

സമയം രാവിലെ ഏഴുമണി. സൂര്യൻ മെല്ലെ മെല്ലെ മലകൾക്കിടയിൽ നിന്നും എത്തിനോക്കുന്നു. ആ വെളിച്ചത്തെ കണ്ട തുമ്പികൾ ഒരു പുഞ്ചിരിതൂകി. കഥകളും കൊഞ്ചലുകളായി ചിലച്ചുകൊണ്ട് കരിയിലക്കിളികൾ ആകാശം പിടിച്ചു. മുടി വാരിച്ചുരുക്കി കെട്ടി നേരെ അമ്മ അടുക്കളയിലെ ജനാലകൾ മെല്ലെ തുറന്നു. തുമ്പയെ തഴുകിയ സൂര്യന്റെ പ്രകാശകിരണങ്ങൾ ജനാലകമ്പികൾക്കിടയിലൂടെ സ്വപ്നത്തുമ്പേറി. "എടി നീ ആ തന്നെ വിളിച്ചേ, എന്ത് കിടപ്പാണിത്, ഇന്നലെ ആ പ്രഭാകരന്റേം സോമന്റേം കൂടെ പോയി പട്ടച്ചാരായം കുടിച്ചുവന്നോ തോന്നണ്ണ" മുറിയുടെ തുമ്പത്ത് ശുണ്ഠിവെച്ചുകൊണ്ട് അമ്മ പറഞ്ഞു. അവൾ അച്ഛനെയുണർത്താൻ പോയതും "ഹും! ആ മേണ്ട, നീ എന്നെ വിളിക്കണ്ടാ ഞാൻ ഉണർന്നു, അവളോടു പറഞ്ഞേക്ക് ഞങ്ങ അലവലാതി-കളെപ്പോലല്ല ഞാൻ, ചാരായം കുടിച്ചാ നിങ്ങ് ബോധമുണ്ടാകും. ട്രാ!" എന്ന് അച്ഛൻ പറഞ്ഞു. ഇന്ന പാതിര് കഴിഞ്ഞതും അവൾ തന്റെ ചെരുപ്പ എണ്ണിപ്പിടിക്കാൻ പോയി, വേണ്ട മോളെ അവൾ കിടന്നോട്ടെ ഇന്നലെയല്ലേ അവൾ കാട്ടുള്ളിലെ ടൂർ പോയിട്ട് വന്നത് എന്നും പറഞ്ഞോണ്ട് അവളെ വിൽവെട്ടൻ അമ്മ അടുക്കളയുടെ മറുവശത്തേക്ക് വിളിച്ചു. എന്നിട്ട് അപ്പനോട് പോയി വായലിൽ വെട്ടാനും പറഞ്ഞു.

~~അമ്മ~~ സൂര്യൻ മടിച്ചു മടിച്ച് കടൽക്കടിയിലേക്ക് തെന്നിപ്പോയി. കുരുവികൾ എന്നത്തേയും പോലെ അവരവരുടെ കൂടുകളിലേക്ക് പാറി ചിലച്ചുകൊണ്ട് പോകുന്നു. "ഇന്ന റോഡിന്റെ നടുവിലൂടെ നടന്നുപോവുമ്പോൾ ... രാമാമണെ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

| Item Code: | 640 | Participant Code: | 106 |
|---|---|---|---|

പാടുന്നത് കേൾക്കാം, അതിന് കേൾക്കണോടാ രാഘവാ” : “എന്ത് വേണോ,
അതിന് ഇവിടെന്താ ഇത്ര പ്രത്യേകത, എന്റെ വീട്ടിലും ഉണ്ട് പെൺമക്കൾ
ഞാൻ എന്നും കേൾക്കുന്നതാ?” : രാഘവൻ പറഞ്ഞു: “ആഹാ, അതാണ്,
ഇവിടുത്തെ വാസുവിന്റെ മോൾടെ പാട്ട്, ആഹാ എന്താ ഒന്നാന്തരം ശബ്ദമാ?
പിന്നെ അവൾടെ അടക്കം ഒതുക്കം ആണുങ്ങളോടുള്ള ബഹുമാനം.....
എല്ലാം, ~~ഞാൻ ഇന്~~ പക്ഷേ ഒരു പ്രശ്നം, അവളെ നാട്ടുകാരി-
ല്ല” : “ആ അത് ശരിയാ, നമ്മക്ക് ഇവളെ മറ്റെ വാസുന്റെ മോനെ
കൊണ്ട് കെട്ടിച്ചാലോ, അതാവുമ്പോ രണ്ടും മാച്ചിങ്ങ്, ഇംഗ്ലീഷില് പറഞ്ഞാ
‘മെയ്ഡ് ഫോർ ഈച്ചതർ’, അങ്ങനല്ലേടാ രാഘവാ” : എന്നും പറഞ്ഞു-
കോരൻ രണ്ടുപേരും വാസുന്റെ വീട്ടിലേക്ക് പോയി. എന്താ വാസു,
കൊച്ചിനെ ഇങ്ങനെ വീട്ടിൽ വെച്ചോണ്ടിരുന്നാൽ മതിയോ, പ്രായം ഇത്രയായില്ലേ
നമ്മക്ക് ഇവളെ ഒന്നു കെട്ടിച്ച് വിടണ്ടേ, ദേ ഞങ്ങടെ നാട്ടിലറിയാ-
വുന്ന ഒരു നല്ല ചെറുപ്പക്കാരനുണ്ട് അത്യാവശ്യം കൊച്ചിനെ നോക്കി നില്ക്കാ-
നും അന്തസ്സും ഉശിരുമൊക്കെയുള്ള ഒരുത്തൻ. അപ്പോ, ആ വാസു-
നമ്മക്ക് ഒന്നാലോചിച്ചാലോ?” : എന്നാൽ ~~ഃ~~ വാസു എന്തോ ചേരും അങ്ങും-
പിന്തണിക്കുന്നില്ല ആളുടെ മനസ്സ് ന്യായത്തിൽ അതാലിപ്പോ: ഒന്ന-
അന്വേഷിക്കാനായെന്നോ! ‘ചാ, ഒരു പെണ്ണ്കെട്ടുവനെ നീ എന്റെ മോൾ
ഒരു വസ്തു ആണെന്നാണോ കരുതിയെന്നോ, അങ്ങനെ ലോപ്പം
ഇപ്പോ അതാവല്ലേ ഞങ്ങൾ, എന്തിനി പൊങ്ങണോ, ഇല്ലേ നിന്നെ ഞാൻ
ചൂടുള്ളതിൽ പൊള്ളിക്കും” : ആദ്യം വാസുവിന്റെ ഇത്തരം പാവുമിക്ക...

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

61-ാമത് കേരള സ്കൂൾ കലോത്സവം 2023 ജനുവരി 3 - 7 കോഴിക്കോട്

Item Code: 640 Participant Code: 106

രണ്ടാളും വെളുപ്പിനെ വീട്ടിൽനിന്ന് ഓടിപ്പോയി. അച്ഛനും അമ്മയോടുള്ള സ്നേഹം കണ്ട് അവൾ അനന്തനെ ഇഷ്ടപ്പെട്ടു. എന്നാൽ പാറു ന്യൂജൻ ആയിരുന്നെങ്കിലും ഒരു ഭയങ്കര അന്ധവിശ്വാസിയായിരുന്നു, അതുകൊണ്ട് തന്നെ അയാൾ പിറന്ന് തന്നെ ജ്യോത്സ്യനെ കണ്ടു.

സമയം രാത്രി പത്ത്മണി. എന്നത്തേയും പോലെ ഇന്ന്, ഷാപ്പിൽ നിന്നും ചാരായത്തിൽ കുളിച്ചാണ് വന്നത്: "ഹാ, നിങ്ങൾ വീണ്ടും കുടിച്ചോ മനുഷ്യാ?" : "അതല്ലെടീ, ഞാൻ ഇന്ന് ജ്യോത്സ്യനെ ഒന്ന് കണ്ടിരുന്നു, പുള്ളി പറഞ്ഞ്, നമ്മളെ മോളെ കെട്ടിക്കണമെന്ന്, വേറൊന്നും കൊണ്ടല്ല, നമ്മടെ മോൾക്ക് ഇത്രേം നാളായിട്ട് ജോലികിട്ടിയില്ലല്ലോ, വേറൊന്നും കൊണ്ടല്ല പൈസയില്ലാത്തതുകൊണ്ട്, അതുകൊണ്ട് മോളെ കെട്ടിച്ചാൽ നമ്മക്ക്, അല്ല നമ്മടെ മോൾക്ക് ഐശ്വര്യം കിട്ടും കൂടാതെ വലിയ ഒരു ജോലിയും" : ഇതുകേട്ട അവൾ ഓടി വന്നു, "അച്ഛാ നിക്ക് ഇപ്പോ കല്യാണം ഒന്നും വേണ്ട, ഞാൻ പഠിക്കുന്നില്ലേ അല്ലേ അച്ഛാ, പൈസയില്ലാത്തതുകൊണ്ടല്ലേ, അതൊന്നാണേൽ ഏട്ടൻ പഠിക്കുന്നില്ലല്ലോ അപ്പോ, പിന്നെ ഏട്ടനെ കല്യാണം കഴിപ്പിക്കൂടെ" : ദേഷ്യത്തോടെ അവൾ പറഞ്ഞു.

ചാരായം കുടിച്ചാൽ ബോധമുണ്ടെങ്കിലും കോപമുണ്ടാകുന്നതായിരുന്നു പാറുവിന്റെ പ്രശ്നം, അതോണ്ട് കോപമുണ്ടാകുന്നത് താങ്ങാൻ പറ്റുമായിരുന്നില്ല, അതോണ്ട് ഒന്നും നോക്കാതെ അയാൾ തന്റെ ഇരുമ്പിച്ച കൈകൊണ്ട് അവളുടെ പൂവിതളായ കവിൾ കക്ക് കവിളിൽ അയാൾ അടിച്ചു. പിട് നിശ്ശബ്ദമായി, അമ്മയും ഏട്ടനും ഒന്നുമ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61-ാമത് കേരള സ്കൂൾ കലോത്സവം 2023 ജനുവരി 3 - 7 കോഴിക്കോട്

Item Code: 640 Participant Code: 106

പാവത്താ വസന്തം മക്കളുടെ ആനന്ദം നിന്നു, കടലിലെ തിരകൾ മെല്ലെ മെല്ലെ, ഒന്നും പറയാതെ കണ്ണീർതൂകികൊണ്ട് അവൾ മുറിയിലേക്ക് പോയി. ദിവസങ്ങൾ ആഴ്ചകളിലേക്കും, ആഴ്ചകൾ മാസങ്ങളിലേക്കും കടന്നു. ചിങ്ങം ഒന്ന്: കേരളമാകെ പൂക്കൾക്കിടയിലും ആഘോഷത്തിനിടയിലും സദ്യക്കിടയിലും മുഴുകിയിരിക്കുന്ന സമയം എന്നാൽ അവൾ മാത്രം, ആ നിശ്ചലമായ മുറിയിൽ ഇരിക്കുന്ന പെൺകുട്ടി. അതെ, കേരളീയർക്ക് ഓണമാണെങ്കിൽ, വാസുവിനും അമ്മയ്ക്കും നാട്ടുകാർക്കും അവളുടെ ആനന്ദദിവസമായ കല്യാണമാണെങ്കിലും ഇന്ന് ആ പെൺകുട്ടിയുടെ ജീവിതപരമം തുടങ്ങുന്ന ദിനമാണ്. അങ്ങനെ ആ ചരട് അവളുടെ കഴുത്തിൽ അണിയിച്ചു. അങ്ങനെ വീണ്ടും ദിവസങ്ങൾ ആഴ്ചകളിലേക്ക് പോകുക മുമ്പ് അവളുടെ ദേഹത്തിൽ അടിയിട്ടുള്ള സമ്മാരവും, പിന്നീടങ്ങോട്ട് സ്ത്രീധനത്തിനുവേണ്ടിയുള്ള മർദനവും. ഈ മർദനങ്ങൾക്കിടയിൽ തന്റെ കെട്ടിയോൻ ജോലിക്ക് പോയ സമയം നോക്കി അവൾ കൂടെ വിളിച്ചു: "കൂട്ടാ, നിനക്ക് പറ്റുന്നില്ല, സ്ത്രീധനം കൊടുക്കാത്തതിന്റെ പേരിൽ എന്നെയിട്ട് മർദിക്കുവാ, നിനക്ക് പേടിയാവുന്നു." എന്നാൽ അവളുടെ ആ അപേക്ഷ, വിഷമം ഒന്നും കേട്ട് ഇരിക്കുന്നില്ല, തന്റെ കല്യാണം നടത്തിയ അമ്മാവനായിരുന്നു. അതും കേട്ടില്ല കണ്ടില്ല എന്ന മട്ടിൽ ആ ക്രൂരനായ അമ്മാവൻ ഫോൺ നിർത്തി. ആ ആഴ്ചകൾ പിന്നെ മാസങ്ങളിലേക്കും മർദനങ്ങൾക്കൂടി. കഴിയിലെ മാസങ്ങൾ കൂടും തോറും അവളുടെ ദേഹം നിറവച്ചു-

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

ഞാൻ തുടങ്ങി. അവൾ ക്ഷീണിതയായി, അവശയായി, പ്രായമായി, മരവി-
ക്കാറായി. അവൾ ഒരു തവണ കൂടി അച്ഛനമ്മമാരെ വിളിച്ചു. റിംഗ്... റിംഗ്
റിംഗ്... റിംഗ്. ഇല്ല എടുക്കുന്നില്ല. കോൾ കട്ടായി. "മോളെ വാ, ദാ
ഈ കഞ്ഞിവെള്ളം കുടിച്ചോ, വെള്ളംപോലെ ഉണ്ടാക്കിയതല്ല... ചൂടാവുന്നതി-
ന് മുമ്പേ ഇത് കുടി" മോളെ എന്ന ആ വാക്ക് അമ്മായിഅമ്മയുടെ വായിൽ
നിന്നും കേട്ടപ്പോൾ അവൾക്ക്, അവളുടെ കാതുകളെ വിശ്വസിക്കാൻ
അവൾക്കു കഴിഞ്ഞില്ല. എങ്കിലും നിഷ്കളങ്കമായ ആ പെൺകുട്ടി
അവരെ സ്നേഹത്തോടെ നോക്കി ആ കഞ്ഞിവെള്ളം സ്നേഹമായി
അവൾ കുടിച്ചു. ചുണ്ടിനുമേലെ പറ്റിയ കഞ്ഞിവെള്ളത്തിന്റെ പാട അവൾ
നക്കിയെടുത്തു. എന്നിട്ട് ചെറുപുഞ്ചിരിയോടെ അവൾ മുറിയിലേക്ക്
പോയി. ക്ഷീണിതയായി കട്ടിലിൽ കമന്നു കിടന്ന് ജനാലപാളികൾക്കിടയി-
ലൂടെ അവൾ പൗർണ്ണമി ചന്ദ്രനെയും വെട്ടിത്തിളങ്ങുന്ന നക്ഷത്രങ്ങളെ-
നിറഞ്ഞ കറുത്ത ആ ഇരുണ്ട കടലിലേക്ക് ഉറങ്ങാതെ കിടന്ന് അവൾ
നോക്കി. എന്നിട്ട് ആ ആകാശത്തെ നോക്കി അവൾ ഒന്നു ഒരു അപേ-
ക്ഷ പറഞ്ഞു: "~~സ്നേഹിക്കുന്ന~~ സ്നേഹം തീരാതെ കിട്ടുന്ന കടലായ
ആകാശമേ, ഈ ജന്മത്തിൽ ആ പെൺകുട്ടി ജനിച്ചതിൽ എനിക്ക് ദുഃഖ-
മുണ്ട്, ഒന്നു കൂടി പെണ്ണ് ഭാഗ്യമാണെന്നല്ലോ, അതിന് കാരണ-
ഈ വൃത്തികെട്ട സമൂഹമാ, പാ... അത് പോലെ അടുത്ത ജന്മത്തിലെ-
ങ്കിലും എന്നെ ആണായി ജനിപ്പിക്കണം, പെണ്ണായ എനിക്ക് ഒന്നും പറയാനില്ല ഞാൻ
എന്നെ ആരുടെയും
വിശ്വസിക്കുന്ന ചതിക്കുഴിയിലിടരുത്" എന്നും പറഞ്ഞുകൊണ്ട് അവൾ കിടന്നു.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

Item Code: 640 Participant Code: 106

കണ്ണടച്ചു: ഉറങ്ങിയോ എന്നറിയില്ല ~~എന്നാൽ~~ പക്ഷേ അവൾ മരവിക്കാൻ തുട-
ങ്ങിയിരുന്നു.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)